**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- പത്തനംതിട്ട ജില്ലാ കളക്ടറുടെ പേരിൽ അടുത്തുള്ള ദേശസാൽകൃത ബാങ്കിൽ, മൂന്ന് മാസത്തേയ്ക്ക് മാത്രമായി അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.7292/2018/ധന.** തിരുവനന്തപുരം, തീയതി **31/08/2018**

പരാമർശം:-
1. ശ്രീ. പി. പി. പാർമാർ, ഇൻ ചാർജ്ജ് (MPLADS സെൽ) കളക്ടറേറ്റ് ദാദ്ര & നാഗർ ഹവേലി, സിൽവാസയുടെ 28.08.2018 ലെ ഇ-മെയിൽ സന്ദേശം
2. റസിഡന്റ് ഡെപ്യൂട്ടി കളക്ടർ (സിൽവാസ) ദാദ്ര & നാഗർ ഹവേലി, സിൽവാസയുടെ 22.08.2018 ലെ ADM/MPLADS/COLL/66/2048 നമ്പർ കത്ത്.
3. ശ്രീ. നട്ടുഭായ് ജി. പട്ടേൽ(NATUBHAI G. PATEL) ബഹു. ലോക് സഭാ എം. പി.ദാദ്ര & നാഗർ ഹവേലിയുടെ 20.08.2018 ലെ MPLAD-193/Aug/18/19 നമ്പർ കത്ത്
4. 23.08.2018 തീയതിയിലെ പത്തനംതിട്ട ജില്ലാ കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസറുടെ F4-1 80986/18 നമ്പരായുള്ള കത്ത്.

<u>**ഉത്തരവ്**</u>

കേരളത്തിലെ ദുരന്ത നിവാരണത്തിനായി കേന്ദ്ര ഭരണ പ്രദേശമായ ദാദ്ര & നാഗർ ഹവേലിയിലെ ലോക് സഭ എം . പി ആയ ശ്രീ . നട്ടുഭായി ജി . പട്ടേൽ (NATUBHAI G. PATEL)കേരളത്തിലെ പ്രളയ ദുരന്തവുമായി ബന്ധപ്പെട്ട് MPLAD scheme- ൽ ഉൾപ്പെടുത്തി 1,00,00,000/- (ഒരു കോടി രൂപ മാത്രം) പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ടി ഫണ്ട് ചെലവഴിക്കുന്നതിനു വേണ്ടി ജില്ലാ കളക്ടറുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ഓപ്പൺ ചെയ്യുന്നതിനായി അനുവാദം നൽകുവാൻ പത്തനംതിട്ട ജില്ലാ കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ ആവശ്യത്തിലേയ്ക്കായി പത്തനംതിട്ട ജില്ലാ കളക്ടറുടെ പേരിൽ അടുത്തുള്ള ദേശസാൽകൃത ബാങ്കിൽ, MPLADS ന്റെ guidelines ന് വിധേയമായി മേൽ തുക വിനിയോഗിക്കേണ്ടതാണെന്ന നിബന്ധനയോടെ, മൂന്ന് മാസത്തേയ്ക്ക് മാത്രമായി അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഫിനാൻസ് ഓഫീസർ, ജില്ലാ കളക്ടറേറ്റ് , പത്തനംതിട്ട.
ധന(ഫണ്ട്സ്) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ